Sahib Bahadur V. A. Abdul Aziz: One more point of order may be considered along with this matter.

ഈ അസംബ്ലിയിലെ ആപ്പോയിന്റ്മെന്റ് ബഞ്ചസിൽ ഇരിക്കുന്നവരും പ്പെടെയുള്ള എല്ലാ അംഗങ്ങളിൽനിന്നും ഗവണ്മെന്റിന്റെ താല്പര്യങ്ങൾക്കു വിരുദ്ധമായി കമ്മിറ്റികളിലും, ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റികളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്ന അഭിപ്രായമനുസരിച്ച് അതൊരു ആഫീസ് ആഫ് പ്രാഫിറ്റാണ് എന്നു പരിഗണിക്കുകയാണെങ്കിൽ അങ്ങിനെയുള്ള ഓരോ ഇൻസ്റ്റൻസ്സും നോക്കുന്നപക്ഷം ഈ ഹൗസിലെ എല്ലാ അംഗങ്ങളും അവയിൽ അംഗത്വമുള്ളവരാണ് എന്നുള്ള സംഗതികൂടി പരിഗണിക്കേണ്ടതാണ്.

PAPERS LAID ON THE TABLE

(The Amendments to the Travancore-Cochin Motor Vehicles Rules, 1950)

Sri. T. K. Narayana Pillai: Sir, I lay on the table copies of the amendments to the Travancore-Cochin Motor Vehicles Rules, 1950 published in Government Notifications dated the 24th October and 31st October 1950 as required by sub-section (3) of Section 130 of the Travancore-Cochin Motor Vehicles Act (Act X of 1125).

Sri. P. Balakrishnan Tampi: Sir, on a point of information. I have sent in a resolution requesting permission to felicitate His Highness the Rajpramukh....

Mr. Speaker: Order, order.

Sri. P. Balakarishnan Tampi: I expected to get a reply. At least the Speaker or the Secretary should have the kindness to intimate me the decision regarding the matter.

Mr. Speaker: Resolutions will be dealt with in the manner provided by Rules. No information shall be asked for except as to matters included in the Agenda or under discussion in the House.

Sri. P. Balakrishnan Tampi: Sir, as a protest against the discourtesy shown to me in this House I wish to go out.

(Sri. P. Balakrishnan Tampi walked out of the Hall.)

LEGISLATIVE BUSINESS

The Travancore-Cochin Contingency Fund Bill, 1950. *(Cont.)*

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി

ശ്രീ. എ. ജെ. ജോൺ: സർ, തിരുവിതാംകൂർ–കൊച്ചി കണ്ടിജൻസി ഫണ്ട് ബിൽ ഈ സഭയുടെ പരിശോധനക്കായി അവതരിപ്പിച്ചിരിക്കുകയാണ്. ഭരണഘടനയിലെ നൂറ്റൊന്നാം വകുപ്പനുസരിച്ച് ഇൻഡ്യയിലും മറ്റു ഘടകരാജ്യങ്ങളിലും ഓരോ കണ്ടിജൻസി ഫണ്ട് രൂപീകരിക്കാമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. നൂറ്റൊന്നാം വകുപ്പ് ഇപ്രകാരമാണ്.

(1) Parliament may be law establish a Contingency Fund in the nature of an imprest to be entitled "the Contingency Fund of India" into which shall be paid from time to time such sums as may be determined by such law, and the said Fund shall be placed at the disposal of the President to enable advances to be made by him out of such Fund for the purposes of meeting unforeseen expenditure pending authorisation of such expenditure by Parliament by law under article 115 or article 116.

LIBRARY ARCHIVES Kerala Legislative Assembly

(2) The Legislature of a State may by law establish a Contingency Fund in the nature of an imprest to be entitled "the Contingency Fund of the State" into which shall be paid from time to time such sums as may be determined by such law, and the said Fund shall be placed at the disposal of the Governor or Rajapramukh of the State to enable advances to be made by him out of such Fund for the purposes of meeting unforeseen expenditure pending authorisation of such expenditure by the Legislature of the State by law under article 205 or article 206."

ഭരണഘടനയിലെ ഈ വ്യവസ്ഥയനുസരിച്ചാണ് ഈ ബിൽ ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ഭരണഘടന ഉണ്ടാകുന്നതിനുമുമ്പു തിരുവിതാംകൂറിലും കൊച്ചിയിലും നിലവിലിരുന്നതായ നിയമങ്ങളനുസരിച്ച് അപ്രതീക്ഷിതമായിട്ടുള്ളതോ ഒഴിച്ചുവയ്ക്കാൻ പാടില്ലാത്തതോ ആയ ചെലവുകൾ ചെയ്യുന്നതിന് അതാതു ഗവൺമെണ്ടുകൾക്ക് അധികാരമുണ്ടായിരുന്നു. അങ്ങിനെ ചെലവുകൾ ചെയ്തതിനുശേഷം അതിനെ സംബന്ധിച്ച ഒരു സ്റ്റേറ്റുമെൻറ് നിയമസഭയുടെ മുമ്പാകെ വെച്ചാൽ മതിയാകുമായിരുന്നു. എന്നാൽ ഇപ്പോഴത്തെ ഭരണഘടനയനുസരിച്ച് കൺസാളിഡേറ്റഡ് ഫണ്ടിൽനിന്നും ഏതെങ്കിലും തുക ചെലവാക്കണമെങ്കിൽ അതിനു നിയമസഭയുടെ അനുവാദം വേണ്ടിയിരിക്കുന്നു. ആ സ്ഥിതിക്ക് നിയമസഭയുടെ സമ്മേളനം നടക്കാതിരിക്കുന്ന കാലത്തു ഏതെങ്കിലും അത്യാവശ്യമായ ചെലവുകൾ ഒഴിച്ചുവയ്ക്കാൻ പാടില്ലാത്തതും അപ്രതീക്ഷിതമായിട്ടുള്ളതുമായി ഉണ്ടാകുകയാണെങ്കിൽ അതു നേരിടുന്നതിലേക്കുവേണ്ടിയാണ് കണ്ടിജൻസിഫണ്ട് എന്നൊന്നുണ്ടാക്കി അതിൽനിന്നും പണം ചെലവാക്കാമെന്നു വ്യവസ്ഥചെയ്തിരിക്കുന്നതു്. അങ്ങിനെ കണ്ടിജൻസി ഫണ്ടിൽനിന്നും ചെലവാക്കുന്ന തുക ആ കൊല്ലം അവസാനിക്കുന്നതിനുമുമ്പായി നിയമസഭയിൽ സപ്ലിമെൻററി ഡിമാൻറായി അവതരിപ്പിച്ചു പാസ്സാക്കിയതിനുശേഷം ഒരു അപ്രോപ്രിയേഷൻ ബില്ലും പാസ്സാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. കണ്ടിജൻസി ഫണ്ടിൽനിന്നും എടുക്കുന്നതായ തുക സപ്ലിമെൻററി ഡിമാൻറ പാസ്സായതിനുശേഷം അപ്രോപ്രിയേഷൻ ബില്ലും പാസ്സായിക്കഴിഞ്ഞു് ആ ഫണ്ടിലേക്കു തിരിയെ വയ്ക്കുണ്ടതുമാണ്. ആ വ്യവസ്ഥയനുസരിച്ചാണ് ഈ ബില്ല് തുപീകരിച്ചിരിക്കുന്നതു്.

ഈ ബില്ലനുസരിച്ചു കണ്ടിജൻസി ഫണ്ടിലേക്ക് ൨൫ ലക്ഷം രൂപ മാററിവയ്ക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളതു്. ആ ഫണ്ടു് രാജപ്രമുഖൻെറ അധീനതയിൽ വയ്ക്കുന്നതും, രാജപ്രമുഖനുവേണ്ടി ഫിനാൻഷ്യൽ സിക്രട്ടറി ആയ കൈകാര്യം ചെയ്യുന്നതുമാണ്. ഇങ്ങനെ ഒരു ഫണ്ടുണ്ടാക്കി അതിലേക്ക് ൨൫ ലക്ഷം രൂപ നീക്കിവയ്ക്കുന്നതുകൊണ്ടു നിയമസഭയ്ക്ക് അതിന്മേൽ യാതൊരു നിയന്ത്രണവും ഉണ്ടായിരിക്കയില്ലെന്നു തെററിദ്ധരിക്കേണ്ടതില്ല. കണ്ടിജൻസി ഫണ്ടിൽനിന്നും ചെലവാക്കുന്ന തുകകൾ സപ്ലിമെൻററി ഡിമാൻറ കൊണ്ടുവരുമ്പോൾ നിയമസഭയ്ക്ക് അതു ചർച്ചചെയ്യാവുന്നതും, അഭിപ്രായം രേഖപ്പെടുത്താവുന്നതുമാണ്. ഇതുപോലുള്ള ഒരു കണ്ടിജൻസി ഫണ്ടു് ഇൻഡ്യാ ഗവൺമെണ്ടും തുപീകരിച്ചിട്ടുണ്ടു്. ഇൻഡ്യാ ഗവൺമെണ്ടു തുപീകരിച്ചിരിക്കുന്ന ആ ഫണ്ടിൽ ൧൫ കോടി രൂപ മാററിവയ്ക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നതു്. ഇൻഡ്യയുടെ കൺസാളിഡേഡു് ഫണ്ടിൽനിന്നും ൧൫ കോടി രൂപ ഈ ഫണ്ടിലേക്കു മാററിവയ്ക്കണമെന്നാണു കേന്ദ്ര ഗവൺമെണ്ടു് ഉദ്ദേശിച്ചിരിക്കുന്നതു്. മദ്രാസു സംസ്ഥാനത്തിലും ഇതുപോലെ ഒരു കോടി രൂപയുടെ ഒരു കണ്ടിജൻസി ഫണ്ടു തുപീകരിച്ചിട്ടുണ്ടു്. പക്ഷെ അതു മദ്രാസു സംസ്ഥാനത്തിൻെറ കൺസാളിഡേറ്റഡ് ഫണ്ടിൽനിന്നുമല്ല, റവന്യൂ റിസർവു ഫണ്ടിൽനിന്നുമാണ്. മദ്രാസു സംസ്ഥാനത്തിലെപ്പോലെ ഇവിടത്തെ കണ്ടിജൻസി ഫണ്ടും റവന്യൂ റിസർവു ഫണ്ടിൽനി

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. J. John]

നും പണമെടുത്തു രൂപീകരിക്കണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ഈ ഫണ്ടു രൂപീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിൽ ൫൹, ൟ, ൦൦൦ രൂപ റവന്യൂ റിസർവു ഫണ്ടായി നീക്കിയിരിപ്പുണ്ട്. അതിൽനിന്നും ൨ ൬ ലക്ഷം രൂപ ഇതിലേക്കു നീക്കിവയ്ക്കണമെന്നാണ് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നത്.

ശ്രീ സി. വി. ഐയ്യ. റവന്യൂ റിസർവു ഫണ്ടിലേക്ക് ഇപ്പോൾ ൫൹, ൟ, ൦൦൦ രൂപ നീക്കിയിരുപ്പുണ്ടെന്നു പറയുന്നു. അതിൽ സംയോജനത്തിനുമുമ്പുള്ള തിരുവിതാംകൂർ സംസ്ഥാനത്തിലും, കൊച്ചി സംസ്ഥാനത്തിലും എത്രവീതമാണ് ഉണ്ടായിരുന്നതെന്നു പ്രത്യേകം പ്രത്യേകം പറയാമോ?

ശ്രീ. എ. ജെ. ജാൺ: രണ്ടുംകൂടി ചേർത്താണ് ൫൹, ൟ, ൦൦൦ രൂപ ഇപ്പോഴുള്ളതു്.

ശ്രീ. സി. വി. ഐയ്യ: അതു മനസ്സിലായി. ഇത്രയും തുക കൊച്ചിയിൽ നീക്കിയിരുപ്പുണ്ടായിരിക്കയും, അതേസമയം തിരുവിതാംകൂറിൽ നീക്കിയിരിപ്പൊന്നും ഇല്ലാതിരിക്കയും ആയിരുന്നോ എന്നറിയുവാൻ വേണ്ടിയാണ് ചോദിക്കുന്നത്.

ശ്രീ. എ. ജെ. ജാൺ: രണ്ടിടത്തുമുണ്ടായിരുന്നു. അതു് എത്രയാണെന്നു നോക്കീട്ടു പറയാൻ നിവർത്തിയുള്ള.

ശ്രീ. എ. താണുപിള്ള: റവന്യൂ റിസർവു ഫണ്ടിലുള്ള തുക ഏതവസരത്തിലും ചെലവിനെടുക്കത്തക്കവണ്ണമാണോ നിക്ഷേപിച്ചിരിക്കുന്നത്?

ശ്രീ. എ. ജെ. ജാൺ: അതു് ജനറൽ റവന്യുവിൽ കിടക്കുകയാണ്.

Sri. K. Sivarama Pillai: Is that a Book Account?

Sri. A. J. John: No. It is available for use.

ശ്രീ. എ. താണുപിള്ള: ഞാൻ ചോദിച്ചതു റവന്യൂ റിസർവു ഫണ്ടു് ഏതവസരത്തിലും ചെലവിനെടുക്കത്തക്കവണ്ണമുള്ള വ്യവസ്ഥയിലാണോ നിക്ഷേപിച്ചിരിക്കുന്നതു് എന്നാണ്? വല്ല സെക്യൂരിറ്റികളിലും നിക്ഷേപിച്ചിരിക്കയാണെങ്കിൽ നമുക്കാവശ്യപ്പെടുമ്പോൾ എടുക്കാൻ സാധിച്ചെന്നു വരികയില്ലല്ലോ.

ശ്രീ. എ. ജെ. ജാൺ: ഏതവസരത്തിലും എടുക്കാവുന്നവിധത്തിൽ തന്നെയാണ് അതു സൂക്ഷിച്ചിരിക്കുന്നതു്. കാഷ് ബാലൻസായിട്ടതന്നെ ആ ഫണ്ടു കിടപ്പുണ്ടു്. അതുകൊണ്ടു് ഏതവസരത്തിൽ വേണമെങ്കിലും അതെടുക്കാം.

ശ്രീ എ. കെ. പാച്ചുപിള്ള: ബഡ്ജറ്റു രൂപീകരിച്ച അവസരത്തിൽ ഇങ്ങനെ ഒരു കണ്ടിജൻസി ഫണ്ടു് ഉണ്ടാക്കേണ്ടിവരുമെന്നു് അറിവില്ലാഞ്ഞിട്ടാണോ, അതോ അറിഞ്ഞിരുന്നിട്ടും ബഡ്ജറ്റിൽ ചേർക്കാൻ വിട്ടുപോയതാണോ?

ശ്രീ. എ. ജെ. ജാൺ: അന്നു് അതു മാറ്റിവച്ചതാണ്. ബഡ്ജറ്റിൽ ഗ്രാൻറുകൾ ചേർക്കുന്നതു് ഏകദേശമായി ആവശ്യമുള്ള തുകകൾക്കു മാത്രമാണു്. അതിനുശേഷം ഏതെങ്കിലും അപ്രതീക്ഷിതമായ തുക ചെലവാക്കേണ്ടതു് ഒഴിച്ചുവയ്ക്കാൻ പാടില്ലാതെ വരികയാണെങ്കിൽ അപ്പോൾ ചെലവാക്കുന്നതിനു വേണ്ടിയാണു് ഈ കണ്ടിജൻസി ഫണ്ടു് ഉണ്ടാക്കുന്നതു്. ഇൻഡ്യാ ഗവർമ്മെണ്ടും ഇതേ നടപടിതന്നെയാണു് സ്വീകരിച്ചിരിക്കുന്നതു്. മറ്റു സംസ്ഥാനങ്ങളിലും അതിനുവേണ്ട ഏർപ്പാടുകൾ നടക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

Sri. K. Sivarama Pillai : Does not our Consolidated Fund include the Revenue Reserve Fund also ?

ശ്രീ. എ. ജെ. ജാൺ: ഇല്ല. കൺസാളിഡേറ്റഡ് ഫണ്ടിൻറെ നിർവ്വചനം ഭരണഘടനയിൽ കൊടുത്തിട്ടുണ്ട് അതു ഞാൻ വായിക്കാം.

"Subject to the provisions of article 267 and to the provisions of the Chapter with respect to the assignment of the whole or part of the net proceeds of certain taxes and duties to States, all revenues received by the Government of India, all loans raised by that Government by the issue of treasury bills, loans or ways and means advances and all moneys received by that Government in repayment of loan shall form one Consolidated Fund to be entitled "the Consolidated Fund of India", and all revenues received by the Government of a State, all loans raised by that Government by the issue of treasury bills, loans or ways and means advances and all moneys received by that Government in repayment of loans shall form one Consolidated Fund to be entitled "the Consolidated Fund of the State ".

(2) All other public moneys received by or on behalf of the Government of India or the Government of a State shall be credited to the Public Account of India or the Public Account of the State, as the case may be."

ജനറൽ റവന്യൂവിൽനിന്നു കൺസാളിഡേറ്റഡ് ഫണ്ട് എന്താണെന്നു് ഇതിൽ പറയുന്നുണ്ട്. അതുകൂടാതെ പബ്ലിക്കു് അക്കൗണ്ടു് എന്നും ഒന്നുണ്ട്. പബ്ലിക്കു് അക്കൗണ്ടും കൺസാളിഡേറ്റഡ് ഫണ്ടും ഒന്നല്ല. പബ്ലിക്കു് അക്കൗണ്ടിൽ കൺസാളിഡേറ്റഡ് ഫണ്ടുകൂടി ഉൾപ്പെട്ടുന്നുണ്ട്. പബ്ലിക്കു് അക്കൗണ്ടു് എന്നു പറയുന്നതു് കൺസാളിഡേറ്റഡ് ഫണ്ടു മാത്രമല്ല.

Sri. K. Sivarama Pillai : My question is whether our budget was also treated like that? As for the Constitution, we know the difference between the Public Account and the Consolidated Fund.

ശ്രീ. എ. ജെ. ജാൺ : റവന്യൂ റിസർവു ഫണ്ടു കൺസാളിഡേറ്റഡ് ഫണ്ടിൻറെ ഭാഗമായിട്ടു വരുന്നില്ല.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: അപ്രതീക്ഷിതമായ ചെലവുകൾക്കു വേണ്ടിയാണു കണ്ടിജൻസി ഫണ്ടു് ഉണ്ടാക്കാൻ പോകുന്നതു് എന്നു പറഞ്ഞു. ഇപ്പോൾ അപ്രതീക്ഷിതമായ വല്ല ചെലവും വന്നിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അങ്ങിനെ ഏതെങ്കിലും വന്നാൽ ചെലവു ചെയ്യുന്നതിനുവേണ്ടിയാണു് ഈ ഫണ്ടു് ഉണ്ടാക്കുന്നതു്.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: ഇനി അഞ്ചാറു മാസമല്ലേ ഉള്ളു. അതിനിടക്കു വല്ല ചെലവും ഉണ്ടാകാനിടയുണ്ടോ?

ശ്രീ. എ. ജെ. ജാൺ: നമ്മുടെ സംസ്ഥാനത്തിലെ ഒരു കൊല്ലത്തെ വരവു ഫർ കോടി രൂപയാണു്. അതിൽനിന്നും കണ്ടിജൻസി ഫണ്ടിലേക്കു് എടുക്കുന്നതു് ഏകദേശം രണ്ടു ശതമാനത്തിനു താഴെയുള്ള ഒരു തുകയാണു്. സാധാരണ ഇവിടെ പലപ്പോഴും സപ്ലിമെൻററി ഡിമാൻഡുകൾ അവതരിപ്പിക്കാറുണ്ടു്. എന്നാൽ പലപ്പോഴും സപ്ലിമെൻററി ഡിമാൻഡുകൾ അവതരിപ്പിച്ചു പാസ്സാക്കുന്ന തുകകൾതന്നെ ഡൈവർഷൻകൊണ്ടു് എടുക്കാമായിരുന്നുവെന്നു് പിന്നീടു തോന്നിയിട്ടുണ്ടു്. പബ്ലിക്കു് അക്കൗണ്ടു്സു് കമ്മിറ്റിയിൽ അതു സംബന്ധിച്ചു നിശിതമായ വിമർശനങ്ങളും ഉണ്ടാകാറുണ്ടു്. കഴിഞ്ഞകൊല്ലം ഫ ൪ ൦ ൦ രൂപ രൂപയാണു് സപ്ലിമെൻററി ഗ്രാൻറായി ആവശ്യപ്പെട്ടിട്ടുള്ളതു്. ഫഫഒ ൪–ൽ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തേക്കു് ന ൦ ലക്ഷ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. J. John]

ത്തിൽ ചിലപ്പോൾ രൂപ സപ്ലിമെൻററി ഡിമാൻറായി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കണക്കുകൾ നോക്കിയാൽ ഇപ്പോൾ കണ്ടിജൻസി ഫണ്ടിലേക്ക് ആവശ്യപ്പെട്ടിരിക്കുന്ന തുക കൂടുതലല്ലെന്ന് കാണാൻ സാധിക്കും.

ശ്രീ. എ. താണുപിള്ള: സപ്ലിമെൻററി ഡിമാൻറ് കൊണ്ടുവരുന്നതു ചെലവു ചെയ്തിട്ടല്ലല്ലൊ. ബഡ്ജററിൽ കൊള്ളിക്കാൻ വിട്ടുപോയ വല്ലതെങ്കിലും ചെലവിനങ്ങൾ ഉണ്ടാകുമ്പോഴല്ലെ സപ്ലിമെൻററി ഡിമാൻറ് കൊണ്ടുവരുന്നതു്. ചെലവു ചെയ്തുപോയതു ശരിപ്പെടുത്തുന്നതിനല്ല സപ്ലിമെൻററി ഗ്രാൻറ്.

ശ്രീ. എ. ജെ. ജോൺ: ചെലവുചെയ്തും സപ്ലിമെൻററി ഡിമാൻറായി കൊണ്ടുവരാമായിരുന്നു. അപ്രതീക്ഷിതമായ ചെലവുകളുണ്ടായാൽ അതു നിയമസഭ സമ്മേളിക്കാത്ത സന്ദർഭങ്ങളിലാണെങ്കിൽ ചെലവു ചെയ്തിട്ട്, അതിനെ സംബന്ധിച്ചു ഒരു സ്റേററ്മെൻറ് നിയമസഭ സമ്മേളിക്കുമ്പോൾ ഹാജരാക്കിയാൽ മതി എന്നുണ്ടായിരുന്നു. അങ്ങിനെ ചെലവുചെയ്തു കഴിഞ്ഞതിനുശേഷം സപ്ലിമെൻററി ഡിമാൻറ് കൊണ്ടുവന്നാലും മതി എന്നൊരു നിലയാണ് മുമ്പുണ്ടായിരുന്നതു്. പക്ഷെ ഇപ്പോൾ അതിനു നിവൃത്തിയില്ല. അതുകൊണ്ടാണ് ഇങ്ങനെ ഒരു ഫണ്ട് ഏർപ്പെടുത്തണമെന്ന് പറയുന്നതു്.

ശ്രീ. എ. താണുപിള്ള: അതു മനസ്സിലായി. പക്ഷെ സപ്ലിമെൻററി ഡിമാൻറായി കൊണ്ടുവരുന്ന തുകയ്ക്കും ഈ തുകയ്ക്കും തമ്മിൽ യാതൊരു ബന്ധവുമില്ലല്ലോ. പിന്നെ എന്തിനാണ് ഇതു രണ്ടുമായി സാമ്യപ്പെടുത്തി പറയുന്നതു് എന്നാണ് ഞാൻ ചോദിക്കുന്നതു്. സപ്ലിമെൻററി ഡിമാൻറ് കൊണ്ടുവരുന്നതു്. മേലിൽ ചെലവു ചെയ്യേണ്ടതിലേക്കാണ്. എന്നാൽ കണ്ടിജൻസി ഫണ്ടുണ്ടാക്കുന്നതു് എന്തെങ്കിലും ആവശ്യമുണ്ടായാൽ പെട്ടെന്നു ചെലവാക്കുന്നതിനാണ്. ഇതിനു രണ്ടിനുമായി ബന്ധമില്ല.

ശ്രീ. എ. ജെ. ജോൺ: ചെലവു ചെയ്തതിനു ശേഷവും സപ്ലിമെൻററി ഗ്രാൻറ് കൊണ്ടുവരാമെന്നുണ്ടായിരുന്നു. പക്ഷെ അതിപ്പോൾ പാടില്ല. മുമ്പ് അങ്ങിനെ ചെയ്തിരുന്നുവെന്നുള്ളതുകൊണ്ടാണ് ഞാൻ അതു രണ്ടും കൂടി ബന്ധിപ്പിച്ചു പറഞ്ഞതു്.

ശ്രീ. സി. വി. ഐയ്യ: റവന്യൂ റിസർവ്വ് ഫണ്ടു് മേലിലും തുടർന്നുകൊണ്ടുപോകുമോ?

ശ്രീ. എ. ജെ. ജോൺ: തുടരും.

ശ്രീ. സി. വി ഐയ്യ: കഴിഞ്ഞ കൊല്ലം ആ ഇനത്തിൽ എത്ര രൂപ നീക്കിവെച്ചിട്ടുണ്ടെന്നു് പറയാമോ?

ശ്രീ. എ. ജെ. ജോൺ: രണ്ടു മൂന്നു കൊല്ലമായി അതിലേക്കു് ഒന്നും നീക്കിവയ്ക്കാറില്ല.

ശ്രീ. സി. വി. ഐയ്യ: കൊച്ചിയിൽ ദിവാൻഭരണം അവസാനിക്കുന്നതുവരെ റവന്യൂ റിസർവ്വ് ഫണ്ടിലേക്കു് 6 ലക്ഷം രൂപ നീക്കിവെക്കുക പതിവുണ്ടായിരുന്നു. അതുപോലെ തിരുവിതാംകൂറിൽ എതെങ്കിലും തുക നീക്കിവെച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെത്രയാണു്?

ശ്രീ. എ. ജെ. ജോൺ: തിരുവിതാംകൂറിൽ മുന്നുകൊല്ലമായിട്ടു് ഒന്നും തന്നെ മാററിവെക്കാറില്ല. കൊച്ചിയിൽ മാററി വെച്ചിരുന്നിരിക്കാം അതെത്രയാണെന്നു നിശ്ചയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതിനാൽ ഈ കണ്ടിജൻസിഫണ്ട് രൂപീകരിക്കുന്നതു നിയമസഭയുടെ അനുവാദം കൂടാതെ പണം ചെലവു ചെയ്യാനുള്ള ഒരു വിദ്യയാണെന്ന് ആരും തെറ്റിദ്ധരിക്കേണ്ടതില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. ചെലവാക്കുന്ന ഏതു തുകയെക്കുറിച്ചും ചർച്ചചെയ്യുന്നതിനുള്ള അവസരം നിയമസഭയ്ക്കുണ്ട്.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: അങ്ങിനെ യാതൊരു തെറ്റിദ്ധാരണയും ഉണ്ടായിട്ടു പറയുന്നതല്ല. സാറിനു് ഇതിന്റെ ആവശ്യമില്ലല്ലോ എന്നു ക്രുതി പറയുകയാണു്.

ശ്രീ. ഇട്ടീര അച്യുക്കൻ: സർ, ശ്രീ. ഇയ്യുവിന്റെ ചോദ്യത്തിനു മറുപടി കിട്ടിയില്ല. ആ തുകകൊം എത്രയാണെന്നു് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. എ. ജെ. ജോൺ: കൊച്ചിയിൽ ജനറൽ റിസർവ്വ് ഫണ്ടു് എന്നൊരിനമേ കാണുന്നുള്ള. ഈ ബില്ലു് സഭയുടെ അംഗീകാരത്തിനായി അവതരിപ്പിച്ചുകൊള്ളുന്നു.

I move that the Bill be taken into consideration at once.

Sri. A. Thanu Pillai: Sir, I move that this Bill may be referred to a Select Committee. Though there are only three clauses, those three clauses have to be viewed with reference to the provisions in the Constitution. No dout article 267 of the Constitution provides for the creation of a Contingency Fund and that fund is ment to meet the expenditure of the kind referred to by the Hon'ble Finance Minister. So there cannot be any objection to the creation of the Fund. But here, the provision is that this amount be withdrawn from the Revenue Reserve Fund of the State Sir, it is amatter for consideration whether this amount should not come from the consolidated fund, or from the general revenues. The principle underlying this provision is this. It is not to vary the source of money that has to be spent for meeting such unforeseen demands. Of course all demands normally should be made from the General Revenues or from the Consolidated Fund. That is the basic principle. This provision for a contingency fund or made to meet emergencies. The Budget certainly provides for receipts and expenditure and if any unforeseen expenditure has to be met there is no provision in the Budget. There must be provision for that. Money should come apart from the General Revenues or from the consolidated fund. That is why provision is made in the Constitution for the creation of a contingency Fund. The Government of India Act provided for a sum of 15 crores to be placed in the Contingency Fund which will be administered by the Finance Ministry on behalf of the President. The advances made out of this fund will be recouped as soon as supplementary grants are sanctioned by Parliament and the necessary appropriation bill is also passed. Such a provision is not found in this Bill.

Sri. A. J. John: In the Central Act, the amount is taken from the Consolidate Fund and not from the Revenue Reserve Fund.

Sri. A. Thanu Pillai: If the money is taken from the consolidated fund there is no question of recouping. Recouping comes only when the money is from the Revenue Reserve Fund. There is no doubt that the word 'imprest' is used in this Bill. Is it meant that for the current year as amount over and above 25 lakhs more could be spent. My own view is that in the contingencies fund for the year we can provide only 25 lakhs and no expenditure in excess of this amount could be incurred. These provisions are made with referrence to the state of our finance. The Government of India have provided 15 crores for their Contingency Fund. Are they going to spend more than 15 crores from this fund undr Section 267? As far

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. Thanu Pillai]

as I am concerned, we should not allow expenditure to exceed 25 lakhs. We should not allow the Rajpramukh to certify more expenditure and place it in the form of a supplementary grant. The maximum amount we can allow is only 25 lakhs this year. My contention is that this amount should be drawn from the consolidated fund. Clause 3 (sub-clause 3) of the Bill says that "as often as any such expenditure is authorised by law as aforesaid, the State Government shall recoup to the contingency Fund an amount equal to the advance taken from such Fund to meet the expenditure." Suppose the Reserve Fund is exceeded where are we to go in for the money? There is a confusion so far as the ideas involved are concerned. Supposing at different times an amount which in the aggregate exceed 25 lakhs is spent, will that not be against the principles of this Bill? Therefore it is my view that this line should be examined by a Select Committee. Supposing the 46 lakhs are exceeded, how could that expenditure be met before the supplementary grant is passed. If it is to be mainly recouped from the consolidated Fund, and if our Budget is a deficit one, how can the State Government recoup the amount? Considering all these aspects, I think it is better that the matter is thrashed out by the Select Committee.

ശ്രീ. എ. ജെ. ജോൺ: എന്റെ ബഹുമാന്യസ്നേഹിതനു് ഇതിന്റെ വിവരങ്ങളും ശരിക്കു മനസ്സിലായില്ലെന്നു കാണുന്നതിൽ എനിക്കു വളരെ സങ്കടമുണ്ടു്. ഞാൻ ഇവിടെ പ്രത്യേകമായി പറഞ്ഞു, കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നല്ല റവന്യൂ റിസർവ്വ് ഫണ്ടിൽനിന്നാണു് എടുക്കുന്നതെന്നു്. രണ്ടും പ്രത്യേകമായി വെച്ചിരിക്കുകയാണു്. റവന്യൂ റിസർവ്വ് ഫണ്ടിൽ ൪൬ ലക്ഷത്തിൽ ചിലപ്പോൾ രൂപ ഉണ്ടെന്നു പറഞ്ഞു. എന്റെ സ്നേഹിതൻ വിചാരിക്കുന്നതു് ൨ ൫ ലക്ഷം രൂപ കൂടാതെ ബാക്കിയുള്ള രൂപ കൂടി ഈ സഭയുടെ അനുവാദം കൂടാതെ ചെലവാക്കിക്കളയുമെന്നാണു്. ഈ സഭയുടെ അനുവാദം കൂടാതെ ഒരു രൂപകൂടി ചിലവാക്കാൻ സാദ്ധ്യമല്ല.

Sri. K. P. Nilakanta Pillai: Is it not intended that the amount so spent should be recouped form the consolidated fund this year it self?

ശ്രീ. എ. ജെ. ജോൺ: അതിനാണു സപ്ലിമെന്ററി ഗ്രാന്റു മൂവ് ചെയ്യുന്നതു്. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും എത്ര രൂപ ചെലവാക്കുന്നുവോ അത്രയും രൂപയ്ക്കാണു് സപ്ലിമെന്ററി ഗ്രാന്റു മൂവ് ചെയ്യുന്നതു്.

മിസ്റ്റർ സ്പീക്കർ: ഈ സഭ ഇപ്പോൾ പിരിയുന്നതും വീണ്ടും ൨ മണിക്കു കൂടുന്നതുമാണു്

The House rose for lunch at 1-00 p.m. and reassembled at 2-00 p.m. with Mr. Speaker in the chair.

ശ്രീ. എ. ജെ. ജോൺ: സെൻട്രൽ ട്രാവൻകൂർ ഫണ്ടിൽ കണ്ടിജൻസി ഫണ്ടു് രൂപീകരിച്ചതു കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നാണെന്നും, എന്നാൽ ഇവിടെ റവന്യൂ റിസർവ്വ് ഫണ്ടിൽനിന്നാണെന്നും ആണു് പ്രധാനമായി ആക്ഷേപമുള്ളതു്. മദ്രാസിൽ റവന്യൂ റിസർവ്വ് ഫണ്ടിൽനിന്നാണു് കണ്ടിജൻസിഫണ്ടു് രൂപീകരിക്കുന്നതു്. ഈ ഫണ്ടു് അനുവദിക്കുന്നപക്ഷം അതിൽനിന്നു ഏതെങ്കിലും തുക ചെലവഴിക്കുന്നതു് ഇവിടെ സപ്ലിമെന്ററി ഗ്രാന്റു അവതരിപ്പിച്ചു അനുവദിപ്പിച്ചുകൊണ്ടായിരിക്കും. ഒരു അഡ്വാൻസിന്റെ സ്വഭാവമാണു് ഈ ഫണ്ടിനുള്ളതു്. അതുകൊണ്ടു് ഏതെങ്കിലും അത്യാവശ്യ സന്ദർഭത്തിൽ ഈ ഫണ്ടിൽനിന്നും തുക ബാക്കിയിരുന്നാൽതന്നെ സപ്ലിമെന്ററി ഗ്രാന്റു് അവതരിപ്പിച്ചു അനുവാദം വാങ്ങേണ്ടതു് അത്യാവശ്യമാണു്. അതുകൊണ്ടു് എന്റെ സ്നേഹിതൻ ശ്രീ. താണുപിള്ള പറഞ്ഞതുപോലെ ഭയപ്പെടേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബില്ലിന്റെ ഉദ്ദേശം കേന്ദ്രഗവണ്മെണ്ടിന്റേയും മദ്രാസ് ഗവണ്മെണ്ടിന്റേയും കണ്ടിജൻസി ഫണ്ടിന്റെ ശുപവൽക്കരണത്തിനു് അടിസ്ഥാനമായിട്ടുള്ള ഉദ്ദേശം തന്നെയാണു്. ഇതിന്റെ Objects and Reasons ൽ പറയുന്നതു് "For meeting unforeseen expenditure of an urgent character which cannot be postpone without detriment to the public interest". എന്നാണു്. കൂടാതെ കാൺസ്റ്റിറ്റ്യൂഷൻ ആക്ട് 267 ാം വകുപ്പിൽ "The Legislature of a State may by law establish a Contingency Fund in the nature of an imprest to be entitled "the Contingency Fund of the State" into which shall be paid from time to time such sum as may be determined by such law." എന്നു പറയുന്നു. ഇവിടെ imprest എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു ഇതിനു് ഒരു അഡ്വാൻസിന്റെ സ്വഭാവം ഉണ്ടു് എന്നാണു് മനസ്സിലാക്കേണ്ടതു്. അപ്പോൾ ഏതെങ്കിലും ഫണ്ടിൽനിന്നു ഇതിലേക്കു് അഡ്വാൻസു് എടുക്കുകയാണെങ്കിൽ തിരിയെ ആ തുക കൊടുക്കേണ്ടതു് ആവശ്യമാണു്.

Sri. K. P. Nilakanta Pillai: May I know what is understood by the words "such law" in that Clause.

Sri. A. J. John: That is appropriation law. അതിനു് അപ്രോപ്രിയേഷൻ ബില്ലു കൊണ്ടുവരണം. ഈ ഫണ്ടിൽനിന്നും എടുക്കുന്നതായ തുക സപ്ലിമെന്ററി ഗ്രാന്റായി ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ചു പാസ്സാക്കി എടുത്തതിനു ശേഷം കൺസാളിഡേറ്റഡ് ഫണ്ടിൽനിന്നും വാങ്ങി തിരിയെ കണ്ടിജൻസി ഫണ്ടിലേക്കു് കൊടുക്കുന്നതാണു്. സെൻട്രൽ ഗവണ്മെണ്ടിൽ ഈ തുക കൺസാളിഡേറ്റഡ് ഫണ്ടിൽനിന്നും എടുക്കുന്നു. അതിനു പകരം റവന്യൂ റിസർവ്വിൽ നിന്നും നമ്മൾ എടുക്കുന്നു എന്ന വ്യത്യാസം മാത്രമേയുള്ളു. കായ്ത്തിൽ കൺസാളിഡേറ്റഡ് ഫണ്ടിൽനിന്നുതന്നെയാണു് ഈ തുക ചെലവാക്കുന്നതു്. ഈ സഭയുടെ അനുവാദം ഇല്ലാതെ ഒരു കാര്യത്തിനും ചെലവാക്കുന്നതുമല്ല.

Sri. K. P. Nilakanta Pillai: How is it created in Madras?

ശ്രീ. എ. ജെ. ജോൺ: റവന്യൂ റിസർവ്വ് ഫണ്ടിൽനിന്നും കണ്ടിജൻസി ഫണ്ടിലേക്കു് തുക എടുക്കുന്നതുകൊണ്ടു് യാതൊരു ഉപദ്രവവും ഉണ്ടാകുന്നില്ല മദ്രാസിൽ ചെയ്തിരിക്കുന്നതും അങ്ങനെതന്നെയാണു്.

Sri. K. P. Nilakanta Pillai: May I draw the attention of the Minister of the Finance to Sections 115 and 116 of the Constitution which state that the legal way of taking any amount from the Consolidated Bill is by means of an Appropriation Bill?

ശ്രീ. എ. ജെ. ജോൺ: അതുതന്നെയാണു്. കൺസാളിസേറ്റഡ് ഫണ്ടിൽനിന്നും ഒരു തുപാ എടുക്കണമെങ്കിൽതന്നെയും അപ്രോപ്രിയേഷൻ ബില്ലു് കൊണ്ടുവരണം. ഈ കണ്ടിജൻസി ഫണ്ടിൽനിന്നും എടുക്കുന്നതുക വാലിയേറ്റ ചെയ്യണമെങ്കിലും അപ്രോപ്രിയേഷൻ ബില്ലു കൊണ്ടുവരണം.

Sri. K. P. Nilakanta Pillai: Suppose for the time being there is no Revenue Reserve Fund, how will he create the Contingency Fund?

ശ്രീ. എ. ജെ. ജോൺ: അന്നു അതേപ്പറ്റി ആലോചിക്കാവുന്നതാണു്. ഇപ്പോൾ റവന്യൂ റിസർവ്വിൽ നമുക്കു് ഫണ്ടുണ്ടു്. കൺസാളിഡേറ്റഡ് ഫണ്ടിൽ പണം ഇല്ലെങ്കിൽ അതിനു: Ways and Means അനുസരിച്ചു കടം വാങ്ങുകയോ മറ്റൊ ചെയ്യാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

Sri. A. Thanu Pillai: Under Sub-Clause (3) it is stated that "As often as any such expenditure is authorised by law as aforesaid, the State Governments shall recoup to the Contingency Fund an amount equal to the advance taken".

ശ്രീ. എ. ജെ. ജോൺ: അതിനെപ്പറ്റി ഞാൻ മുമ്പു പറഞ്ഞുകഴിഞ്ഞു. ഇപ്പോൾ പത്തുലക്ഷം രൂപ കണ്ടിയൻസിഫണ്ടിൽനിന്നും എടുത്തു എന്നു വിചാരിക്കുക. ഉടനെ അതിന്റെ വിവരം കാണിച്ചു് ഒരു സപ്ലിമെൻറി ഗ്രാൻറ് അനുവാദത്തിനുള്ള ഡിമാൻറ ഈ സഭ മുമ്പാകെ അവതരിപ്പിക്കും. അതിലേക്കു ഒരു അപ്രോപ്രിയേഷൻ ബില്ലും ഇവിടെ ഹാജരാക്കും. അപ്രോപ്രിയേഷൻ ബിൽ ഹാജരാക്കി അനുവദിപ്പിച്ചു കൺസാളിഡേറഡ് ഫണ്ടിൽനിന്നും പണം എടുത്താണു് ഈ തുക നികത്തുന്നതു്. ആ വിവരം പറയാതിരുന്നതു് അതിന്റെ ആവശ്യം ഇല്ലാത്തതുകൊണ്ടാണു്. അതിനാൽ ഈ ബിൽ വീണ്ടും സെലക്ട് കമ്മിറ്റിക്കയക്കണമെന്നുള്ള, ബഹുമാനപ്പെട്ടമെമ്പർ ശ്രീ. താണുപിള്ളയുടെ അഭിപ്രായത്തെ ഞാൻ എതിർക്കുന്നു.

Sri. D. Gnanasigamony: The Hon'ble Member has stated that "such law" refers to the Appropriation Bill. By referring to article 267 (2) he will see that it only refers to this law, namely the law establishing the Contingency Fund.

Sri. A. J. John: The wording is "such sums as may be determined by such law".

അതായതു് കണ്ടിജൻസി ഫണ്ടുണ്ടാക്കുന്നതിനു Law ഒന്നു്. അതിനു ശേഷം അതു റിപ്ലെനിഷ് ചെയ്യുന്നതിനുള്ള Law മറ്റൊന്നു്. ഇൻഡ്യാ ഗവൺമെണ്ടു് ഈ ബിൽ അവതരിപ്പിച്ചപ്പോൾ അതു മണിബിൽ കൊണ്ടു് അതു പാസ്സായി. മദ്രാസ് അസംബ്ലിയിലും അതു പാസ്സാക്കിയെടുക്കുവാൻ മുപ്പതു മിനിട്ടിൽ കൂടുതൽ വേണ്ടിവന്നില്ല. ഈ ബിൽ പാസ്സാക്കുന്നതുകൊണ്ടു് ഈ സഭയുടെ യാതൊരവകാശത്തെയും ഗവൺമെണ്ടു് എടുക്കുന്നില്ല. ഇതിൻനിന്നും ഏതെങ്കിലും തുക എടുക്കണമെങ്കിൽ അതിലേക്കു് പ്രത്യേകം പ്രത്യേകം സപ്ലിമെൻറി ഗ്രാൻറിനുള്ള ഡിമാൻറ കൊണ്ടുവരേണ്ടതാണു്.

Sri. K. P. Nilakanta Pillai: I want to make a few observations. According to me, there is of-course no harm in passing this Bill. There is of-course no harm in following what the Government of Madras did and there is no harm in taking less time than the Imperial Parliament for passing a similar Bill. Apart from these arguments to send this Bill to the Statute Book, there are some inherent defects in the Bill as it is proposed. I may say that the learned member in charge of Finance is either creating confusion or himself confused about the provisions of Sections 116 and 117 of the constitution of India on the one hand and Sections 205 and 206 on the other. It is a well known fact that Sections 205 and 206 deal with the voting of supplementary grants. It is no use confusing them with the present proposal for the recoupment of expenditure. The recoupment must come from the Consolidated Fund and Consolidated Fund alone. Therefore the word 'such law' in Section 267 (2) refers to the same law. Therefore the interpretation of the Government of India is right and they have rightly provided for recoupment from the Consolidated Fund. There is only one fund available from which alone the Contingency Fund could be recouped. Probably the Madras Government were labouring under the very same difficulty as our Government, because they had also a deficit Budget. We have got only two funds under the law, one is the Consolidated Fund and the other the Public Account Fund. The Consolidated Fund will include all revenues received by the State. The Public Accounts Fund will include all kinds of Judicial and Savings Bank Deposits which could not be touched. So the only fund available

LIBRARY ARCHIVES Kerala Legislative Assembly

for recoupment is the Consolidated Fund. If the Minister swerves from the position, this Bill will be ultra vires. The expenditure from the Contingency Fund can only be recouped from the Consolidated Fund. That is why I put the question 'Supposing there is no General Revenue Reserve Fund, how are you going to create this Fund?'. Therefore I request that the sub-clause be modified so that some amount may be appropriated from the General Revenues to create a Contingency Fund. If we cannot balance the Budget, we can appropriate something from the Revenue Reserve Fund to be put into the consolidated fund. That is the correct position for the creation of the Contingency Fund. As it is this Bill is ultra vires.

ശ്രീ. എ. ജെ. ജോൺ: ഈ കൺസോളിഡേറ്റഡ് ഫണ്ട് എന്ന പറയുന്നത് എന്താണെന്ന് ഇതിൽ കൃത്യമായി പ്രസ്താവിച്ചിട്ടുണ്ട്. എന്റെ മാന്യസ്നേഹിതനു് ഇതിലുള്ള ഒരു സംശയം റവന്യു റിസർവ്വ് ഫണ്ടിൽ പണമില്ലാതെയായാൽ എന്തുചെയ്യും എന്നാണു്. ഏകദേശം ര൯ു ലക്ഷം രൂപയോളം ഇപ്പോഴും തന്നെ റവന്യു റിസർവ്വ് ഫണ്ടിലുണ്ട്. അതിൽനിന്നാണു് ഇരുപത്തിയഞ്ചു ലക്ഷം രൂപ എടുക്കുന്നതു്. അതു് തിരിയെ കൊടുക്കേണ്ടതായിവരും.

Sri K. P. Nilakanta Pillai: Out of what fund?

ശ്രീ. എ. ജെ. ജോൺ: അതുതന്നെയാണു് ഞാനും പറഞ്ഞതു്. മിസ്റ്റർ നീലകണ്ഠപ്പിള്ളയും ഞാനുമായി ഒരു അഭിപ്രായവ്യത്യാസവുമില്ല. ഇതു് നാലഞ്ചു പ്രാവശ്യം ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും എടുത്തു തിരികെ കൊടുക്കേണ്ടതായിവരും. അതുകൊണ്ടു് ഞങ്ങൾ തമ്മിൽ യാതൊരു അഭിപ്രായവ്യത്യാസവും ഇല്ല.

Sri. K. P. Nilakanta Pillai: May I put a question? Suppose this Contingent Fund is created and suppose we incur an expenditure of Rs. 25 lakhs out of that Fund wherefrom will that money be recouped?

ശ്രീ. എ. ജെ. ജോൺ: അതാണു് പറഞ്ഞതു്. കൺസോളിഡേറ്റഡ് ഫണ്ടിൽ പണം തികയാതെ വരുകയാണെങ്കിൽ ആവശ്യമുള്ളതിനു് കടം വാങ്ങുകതന്നെ ചെയ്യും. എന്നാൽ ഇന്നത്തെ തിരുവിതാംകൂർ–കൊച്ചി ഗവണ്മെണ്ടിന്റെ സാമ്പത്തികസ്ഥിതി നോക്കിയാൽ അതിന്റെ യാതൊരു ആവശ്യവുമില്ല. അത്ര സുസ്ഥിരമായ വിധത്തിലാണു് ഈ ഗവണ്മെണ്ടിന്റെ സാമ്പത്തികനില ഇരിക്കുന്നതെന്നു് എനിക്കു വളരെ അഭിമാനത്തോടുകൂടി പറയുവാൻ കഴിയും.

Mr. Speaker: The question is that the Travancore-Cochin Contingency Fund Bill be taken into consideration.

The motion was adopted and the Bill was taken into consideration

The question that Clause 2 stand part of the Bill was put and carried.

The Clause was added to the Bill.

The question that Clause 3 stand part of the Bill was put and carried.

The clause was added to the Bill.

The question that Clause 1 with the title stand part of the Bill was put and carried.

The Clause with the title was added to the Bill.

The question that the Preamble stand part of the Bill was put and carried.

The preamble was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Sri. A. J. John: Sir, I move that the Bill be passed.

Sri. T. K. Narayana Pillai: I second it.

The motion was put and carried.

The Bill was passed.

The Travancore-Cochin Government Land Assignment Bill

Minister for Finance and Revenue **(Sri. A. J. John):** Sir, I move that the Travancore-Cochin Government Land Assignment Bill be passed into law with this modification that in Clause I the figure '195' be corrected into '1950'.

Chief Minister **(Sri. T. K. Narayana Pillai):** I second it.

The question that the Bill be passed, with the amendment, was put and carried.

The Bill was passed.

The Travancore-Cochin Land Improvement Bill—*(contd.)*

The question that Clause 4, as amended, stand part of the Bill was put and carried.

The Clause was added to the Bill.

The question that Clauses 5, 6 and 7 stand part of the Bill was put and carried.

The Clauses were added to the Bill.

Clause 8

Sri. D. Gnanasigamoni: Sir, I move the following amendment.

" *In Clause 8, omit the words beginning with 'and shall have.'*

The amended clause will read as follows:

" On the date on which the scheme is published in the Gazette under sub-section 4 of section 7, it shall come into force."

It is absurd to say that as soon as the scheme is published, it will have the effect as it were enacted in this Act. So far as this scheme is concerned it is not a scheme enacted by this House. In order that it may form part of the Act, this legislature must have exercised its mind in the framing of the scheme. Otherwise there is no meaning in saying that the scheme will have effect as if were enacted in this Act. I cannot understand why that provision is so made and whether such a provision is needed. Even if the scheme is properly approved and passess through all the stages and comes into force, there is no need to consider this as having been enacted as a part of this Act. Even otherwise, it will have its validity. So I move this amendment.

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഇതിൽ ഇങ്ങിനെ ഒരു ക്ലാസ്സിന്റെ ആവശ്യം ഉണ്ട്. പുതിയതായി സമർപ്പിക്കപ്പെടുന്ന സ്കീം ഈ ആക്ടിന്റെ ഒരു ഭാഗമായിരിക്കണമെന്നു് ആവശ്യപ്പെടുന്നതിനു് പ്രത്യേക ഉദ്ദേശമുണ്ട്. ഈ സ്കീമിനു് ഒരു നിയമസാധുതാ ഉണ്ടാകുന്നതിനും, ഈ സ്കീമനുസരിച്ചു കോടതിയിൽ വ്യവഹരിക്കുന്നതിനുള്ള അവസരങ്ങൾ ഉറപ്പിക്കുന്നതിനും ആണ് ഇതു് ചേർത്തിട്ടുള്ളതു്. അതുകൊണ്ടു് ഈ ഭേദഗതി സ്വീകരിക്കുവാൻ നിവൃത്തിയില്ല.

The amendment was put and lost.

The question that Clause 8 stand part of the bill, was put and carried.

The Clause was added to the Bill

LIBRARY ARCHIVES Kerala Legislative Assembly